കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിലെ ഓഡിറ്റ്

127 (2682) ശ്രീ. ഇ. പി. ജയരാജൻ :

ശ്രീ. എളമരം കരീം :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ (കെ.എം.എസ്.സി.എൽ.) ഓഡിറ്റ് ചെയ്ത അക്കൗണ്ടന്റ് ജനറലിന്റെ കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നെന്ന് അറിയിക്കാമോ ;

(ബി) മരുന്നിന്റെ സ്റ്റോക്കിൽ കണ്ടെത്തിയ കുറവ് എത്ര രൂപയുടേതായിരുന്നെന്ന് അറിയിക്കാമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ. മുൻ എം.ഡി.-ക്കെതിരെ കമ്പനിയുടെ സോഫ്റ്റ് വെയർ ദാതാക്കൾ പരാതി നൽകിയിരുന്നതിന്റെ വിശദാംശം അറിയിക്കാമോ ;

(ഡി) പരാതിയുടെ അടിസ്ഥാനത്തിൽ നടത്തിയ അന്വേഷണവും കണ്ടെത്തലും വിശദമാക്കാമോ ;

(ഇ) മുൻ എം.ഡി. ക്കെതിരെ, കൈക്കൂലി ആവശ്യപ്പെട്ട എന്നാരോപിച്ചു കൊണ്ട്, മരുന്നുല്പാദന സ്ഥാപനം നൽകിയിരുന്ന പരാതിയിന്മേലുള്ള അന്വേഷണം പൂർത്തിയാക്കിയോ ; കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) 2008-13 ലെ ഓഡിറ്റ് സ്റ്റോക്ക് പെർഫോമൻസ് റിപ്പോർട്ട് പ്രകാരം കോർപ്പറേഷൻ 92.66 കോടി രൂപയുള്ള 16,529 ബാച്ച് മരുന്നുകൾ (321 ഇനം മരുന്നുകൾ) നിശ്ചിത ഷെൽഫ് ലൈഫ് ഇല്ലാതെ സംഭരിക്കുകയുണ്ടായി. കോർപ്പറേഷൻ മരുന്ന വിതരണത്തിൽ 'ഫിഫോ' സിസ്റ്റം വേണ്ടതുപോലെ ഉപയോഗിക്കാതെ വന്നതിനാൽ 2.91 കോടി രൂപയുള്ള മരുന്നുകൾ കാലഹരണപ്പെട്ടതായും റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. 2008-13 കാലയളവിൽ കോർപ്പറേഷൻ സംഭരിച്ച 47,650 ബാച്ച് മരുന്നുകളിൽ 382 ബാച്ച് മരുന്നുകൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഗുണനിലവാരമില്ലാത്തവ ആയിരുന്നു എന്ന് പരിശോധനയിൽ കണ്ടെത്തിയിരുന്നു. അതിൽ 122 ബാച്ച് മരുന്നുകൾ സംസ്ഥാനത്തെ സർക്കാർ ആശുപത്രികളിൽ ഗുണനിലവാര പരിശോധനാ റിപ്പോർട്ട് ലഭിക്കുന്നതിനുമുമ്പ് തന്നെ വിതരണം ചെയ്യുകഴിഞ്ഞു. സർക്കാർ ആശുപത്രികളിലെ മരുന്നുകളുടെ ലഭ്യതയെക്കുറിച്ച് 2008-12 കാലയളവിൽ നടത്തിയ പരിശോധനയിൽ വയനാട്, കാസർഗോഡ് എന്നീ ജില്ലകളിലെ ആശുപത്രികളിൽ അവശ്യമരുന്നുകളുടെ ലഭ്യത മറ്റു ജില്ലകളെ അപേക്ഷിച്ച് വളരെ കുറവായിരുന്നു.

(ബി) 2013 വർഷത്തെ സ്റ്റോക്കെടുപ്പിന്റെ ഭാഗമായി സിസ്റ്റം സ്റ്റോക്കും ഫിസിക്കൽ സ്റ്റോക്കും താരതമ്യം ചെയ്തപ്പോൾ സിസ്റ്റം സ്റ്റോക്കിനെക്കാൾ 21.23 കോടി രൂപയുടെ കുറവ് ഫിസിക്കൽ സ്റ്റോക്കിൽ കഴിഞ്ഞ അഞ്ചുവർഷത്തെ കാലയളവിൽ ഉണ്ടായതായി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

(സി) ഇതുമായി ബന്ധപ്പെട്ട് കെ.എം.എസ്.സി.എൽ മുൻ എം.ഡി. ക്കെതിരെയുള്ള സോഫ്റ്റ്വെയർ ദാതാക്കളുടെ പരാതികളൊന്നും ലഭിച്ചിട്ടില്ല.

(ഡി) ബാധകമല്ല.

(ഇ) അന്വേഷണം പൂർത്തിയായിട്ടില്ല.

അന്യസംസ്ഥാനങ്ങളിൽ നിന്നുള്ള മരുന്നുകളുടെ ഗുണനിലവാര പരിശോധന

128 (2683) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

അന്യ സംസ്ഥാനങ്ങളിൽ നിന്നും കേരളത്തിൽ ഗുണനിലവാരം ഇല്ലാത്ത മരുന്നുകൾ വിൽപ്പന നടത്തുന്നവർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; അറിയിക്കാമോ ?

ഉത്തരം

കേരള വിപണിയിൽ വിറ്റഴിക്കപ്പെടുന്ന മരുന്നുകളിൽ വിവിധ കാരണങ്ങളാൽ ഗുണനിലവാരം കുറഞ്ഞതായി റിപ്പോർട്ട് ചെയ്യപ്പെടുന്ന മരുന്നുകളുടെ വിൽപ്പന തടയുകയും, മരുന്നുകളുടെ ചേരുവകൾ 70 ശതമാനത്തിൽ താഴുകയോ കൂത്തിവയ്പിനുള്ള മരുന്നുകൾ അണുവിമുക്തമല്ലെന്നോ റിപ്പോർട്ട്